# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.( p8 )..873/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2021
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1,2-6 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.( p8 )..873/2021 തീയ്യതി: 02/07/2021

## തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 29-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 29-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത.ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ.എ).കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ
ശ്രീ.ജോയ്സൻ.സി.ജെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീജ സന്തോഷ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| മനോജ് കുമാർ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| സുഭാഷ്.പി.ബി | സെക്രട്ടറി | 25-04-2019 | 24-09-2019 |
| മനോജ് കുമാർ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2019 | 08-10-2019 |
| സാബു ജോർജ്ജ് | സെക്രട്ടറി | 09-10-2019 | 28-10-2019 |
| മനോജ് കുമാർ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-10-2019 | 11-11-2019 |
| വി.എം.നടരാജൻ | സെക്രട്ടറി | 11-11-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ് കുമാർ.പി | അസി.സെക്രട്ടറി | 01-04-2019 | 24-01-2020 |
| ജെയ്സൺ.പി.എ | അസി.സെക്രട്ടറി | 28-01-2020 | 31-03-2020 |
| രാധിക.സി.ബി | വി.ഇ.ഒ (കാറളം സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീദേവി.കെ.എ | വി.ഇ.ഒ (മനവലശ്ശേരി സർക്കിൾ) | 01-04-2019 | 31-03-2020 |
| ഡോ.ജോമി ജോൺ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 16-08-2019 |
| ഡോ.സിജോ ജോസഫ് | വെറ്ററിനറി സർജ്ജൻ | 17-08-2019 | 31-03-2020 |
| ഡോ.ഗ്രീഷ്മ.വി.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.മായ.എൻ.എം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 09-08-2019 |
| ഡോ.അജിത.എം.എ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 10-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| രാഖി ബാബു.എം.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഫിജു.ടി.വൈ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2019 | 31-03-2020 |
| കുരിയാക്കോസ്.കെ.ജെ | കൃഷി ഓഫീസർ | 01-04-2019 | 16-09-2019 |
| വൽസല.കെ | കൃഷി ഓഫീസർ | 16-09-2019 | 31-03-2020 |
| സന്തോഷ്.എം.പി | അസി.എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| വിജയൻ.പി.എസ് | അസി.എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 01-08-2019 | 27-08-2019 |
| സിമി.വി.യു | അസി.എഞ്ചിനീയർ | 27-08-2019 | 31-03-2020 |
| അനില.ടി.തെയ്യശ്ശേരി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 26-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 26-06-2021) | 1-1 |
| 2 | ബജറ്റ് പ്രക്രിയ കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 26-06-2021)<br>Last Updated By: Jayan VS (Auditor, On 02-07-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Bita.T.S (Audit Officer (HG), On 26-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 02-07-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Jayan VS (Auditor, On 02-07-2021) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 28-06-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 28-06-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Joyson (Auditor, On 30-06-2021)<br>Last Updated By: Joyson (Auditor, On 30-06-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 30-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | 1-9 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 27-06-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ - വസ്തുനികുതി ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 28-06-2021) | 1-11 |
| 13 | വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-1 |
| 14 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-2 |
| 15 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Jayan VS (Auditor, On 28-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-3 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-4 |
| 17 | | 1-11-5 |

| | | |
|---|---|---|
| | ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | |
| 18 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 02-07-2021) | 1-11-6 |
| 19 | പാർട്ട് ബിൽ നൽകിയ തുക Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-7 |
| 20 | ബാലൻസ് ഷീറ്റിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക മുഴുവനായും ചേർത്തിട്ടില്ല.<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-8 |
| 21 | വർഷാവസാന ലോൺ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-9 |
| 22 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 01-07-2021) | 1-11-10 |
| 23 | അഡ്വാൻസ് രജിസ്റ്ററിലെ മുൻവർഷ തുകകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Jayan VS (Auditor, On 29-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-11-11 |
| 24 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Jayan VS (Auditor, On 25-06-2021)<br>Last Updated By: Jayan VS (Auditor, On 29-06-2021) | 1-12 |
| 25 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 28-06-2021)<br>Last Updated By: Joyson (Auditor, On 28-06-2021) | 1-13 |
| 26 | അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 29-06-2021)<br>Last Updated By: Joyson (Auditor, On 02-07-2021) | 1-14 |
| 27 | കെട്ടിടത്തിന്റെ ഉപയോഗക്രമപ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നില്ല<br>Written By: Joyson (Auditor, On 29-06-2021)<br>Last Updated By: Joyson (Auditor, On 29-06-2021) | 1-15 |
| 28 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ തുടരുന്നു<br>Written By: Joyson (Auditor, On 29-06-2021)<br>Last Updated By: Joyson (Auditor, On 29-06-2021) | 1-16 |
| 29 | പെർമിറ്റ് നൽകുമ്പോൾ ചട്ടപ്രകാരമുള്ള എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കുന്നില്ല<br>Written By: Jayan VS (Auditor, On 30-06-2021)<br>Last Updated By: Jayan VS (Auditor, On 02-07-2021) | 1-17 |
| 30 | സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. നിയമാനുസൃത സമയദീർഘീകരണം നേടാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-06-2021)<br>Last Updated By: Sivadasan A K (Asst. Audit Officer, On 02-07-2021) | 1-18 |
| 31 | | 1-19 |

| | | |
|---|---|---|
| | തൊഴിലുറപ്പ് പദ്ധതി -ഹെൽത്ത് സെന്റർ റോഡ് കാന നിർമ്മാണം. മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | |
| 32 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ-വിനിയോഗ സാക്ഷ്യപത്രം,അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 29-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | 1-20 |
| 33 | സ്ട്രീറ്റ് ലൈറ്റ്- സ്ട്രീറ്റ് ടാപ്പ് സംയുക്ത പരിശോധന<br>Written By: Bita.T.S (Audit Officer (HG), On 30-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2021) | 1-21 |
| 34 | വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം-സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തി.<br>Written By: Bita.T.S (Audit Officer (HG), On 29-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | 1-22 |
| 35 | HMC വാർഷിക കണക്കുകളുടെ പരിശോധന-രേഖകൾ ഹാജരാക്കിയില്ല<br>Written By: Nirmal K G (Audit Officer, On 29-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 30-06-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. നിയമാനുസൃത സമയദീർഘീകരണം നേടാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 29-06-2021)<br>Last Updated By: Sivadasan A K (Asst. Audit Officer, On 02-07-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 28-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 27-06-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 28-06-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 27-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 27-06-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Bita.T.S (Audit Officer (HG), On 27-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 28-06-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 27-06-2021) | 4-8 |

| | | |
|---|---|---|
| | Last Updated By: Bita.T.S (Audit Officer (HG), On 28-06-2021) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 28-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 02-07-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 28-06-2021)<br>Last Updated By: Bita.T.S (Audit Officer (HG), On 28-06-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് പ്രതീക്ഷിതവരവ് 15,37,06,019 രൂപയും, ചെലവ് 14,76,11,800 രൂപയുമാണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 11.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 23.03.20 ലെ തീരുമാനം 15(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരുമാനം 17,62,29,968 രൂപയും പ്രതീക്ഷിത ചെലവ് 17,22,27,429 രൂപയുമാണ്.

### 1-1-1 ബജറ്റ് പ്രക്രിയ കാര്യക്ഷമമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംങ്ങ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇതര സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചതായി രേഖപ്പെടുത്തലുകൾ ഇല്ല.ഗ്രാമപഞ്ചായത്തിലെ ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി ലെ യോഗത്തിൽ വർഷത്തേക്കുള്ള ബജറ്റ് നിർദ്ദേശങ്ങൾ വിശദചർച്ചക്ക് വിധേയമാക്കിയതായി രേഖപ്പെടുത്തലുകൾ ഇല്ല. സംസ്ഥാനവിഹിതത്തിനനുസരിച്ച് പഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്ക് മേഖലാടിസ്ഥാനത്തിൽ തുക നീക്കി വയ്ക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്തതിന്റെയോ, എല്ലാ നിർവ്വഹണഉദ്യോഗസ്ഥരിൽ നിന്നും 2019-20 വർഷത്തേക്കുള്ള വിവിധചെലവുകൾക്കുള്ള സ്റ്റേറ്റ്മെന്റുകൾ നൽകുന്നതിന് നിർദ്ദേശിച്ചതിന്റെയൊ തനത് ഫണ്ടിന്റെ സ്ഥിതിയെക്കുറിച്ചും തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചും ചർച്ച നടത്തുകയോ ചെയ്തതായി രേഖയില്ല. ബജറ്റ് കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി ബജറ്റ് വായിച്ച് അംഗീകരിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 2-06-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 99,04,523.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,38,88,477.00 |
| ആകെ | 6,37,93,000.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,52,47,025.00 |
| നീക്കിയിരിപ്പ് | 85,45,975.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4297/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 386550/- |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ (ACR പ്രകാരം) താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 1,23,84,941 | 1,23,84,941 | 81,34,306 | 42,50,635 | |
| വികസന ഫണ്ട് (SCP) | - | 96,27,059 | 96,27,059 | 64,68,857 | 31,58,202 | |
| വികസന ഫണ്ട് (TSP) | - | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 75,46,860 | 75,46,860 | 54,92,731 | 20,54,129 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 91,88,000 | 91,88,000 | 32,24,834 | 59,63,166 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | - | 32,51,000 | 32,51,000 | 26,25,388 | 6,25,612 | |
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | | |
| ഐ.സി.ഡി.എസ്. 320100121 | 5,03,074 | 5,41,638 | 10,44,712 | 4,26,646 | 6,18,066 | |
| ശുചിത്വ മിഷൻ 320200322 | 6,38,540 | 0 | 6,38,540 | 4,96,641 | 1,41,899 | |
| ടോട്ടൽ സാനിറ്റേഷൻ മിഷൻ 320100115 | 2,14,356 | 1,69,949 | 3,84,305 | 1,69,949 | 2,14,356 | |
| വിമുക്തി 320200305 | 46,848 | 0 | 46,848 | 0 | 46,848 | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 81675225 | 101 | 37979115 | 16 | 67 | 54.89% |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16,339 | 9,69,061 | 9,85,400 | 6,33,152 | 3,52,248 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 85,68,232 | 85,68,232 | 85,68,232 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 42,120 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 35,40,600 | 1325 |
| വിധവാ പെൻഷൻ | 73,36,800 | 2640 |
| വാർദ്ധക്യകാല പെൻഷൻ | 1,42,66,200 | 5118 |
| വികലാംഗപെൻഷൻ | 19,97,200 | 713 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,71,200 | 211 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2021 3.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ,തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രൊജക്ടുകൾ മോണിട്ടറിംഗ് നടത്തിയതായി

വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

3.അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.അസ്സറ്റ് രജിസ്റ്റർ നവീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമെൻസ് ഓഡിറ്റ് | 28.10.2010 | ജനവരി, ഫെബ്രുവരി, മാർച്ച് 2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 15.07.2018 | 2014-15 മുതൽ 2018-19വരെ | 09.07.2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ - വസ്തുനികുതി ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് രേഖപ്പെടുത്തൽ നടത്തുന്നില്ല

01/04/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കാറളം ഗ്രാമപഞ്ചായത്തിൽ 281 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buidings" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buidings" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണയായി (15/07/2019, 31/03/20 തീയ്യതികളിൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11-1 വസ്തു നികുതി- ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1) റെസിഡൻഷ്യൽ

1.1 തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 23,60,765 | 22,21,633 | 26,004 | 1,16,121 |
| വാർഷികകണക്കിലെ | 23,60,765 | 22,21,633 | 4,567 | *1,16,248 |
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection- PT On Res. | * (1,22,060/105X100)= 1,16,248 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15). |

| | | | | |
|---|---|---|---|---|
| | | | Bldg-ന്റെ ലെഡ്ജർ) | |

1.2) കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,432 | 1,010 | 1,422 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *2,510 | 1,010 | 1,423** |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(1,574+1,061=2,635/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(1,494X100/105)=1,423 |

2) നോൺ-റെസിഡൻഷ്യൽ

2.1) തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 9,67,658 | 8,36,027 | 20,027 | 1,11,651 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 9,67,658 | 8,36,027 | 1,487 | *1,12,399 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *<br>(1,18,019/105X100)=1,12,399<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2) കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 26,964 | 15,220 | 11,745 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 27,047* | 15,220 | 11,748** |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(23,879+4,520=28,399/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(12,335/105X100)=11,748,<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3) ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 120257 | 123 | 120380 | 112924 | 51 | 112975 | 1448 | | 5939 | 72 | 6221 |
| | നോൺ-റെസിഡൻഷ്യൽ | 49555 | 1356 | 50911 | 42140 | 765 | 42905 | 1030 | | 6368 | 590 | 7655 |
| | ആകെ | | | 171291 | | | 155880 | 2478 | | 13,876 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 169203 | | | 155880 | | | | | 13,876 | | |
| | | 1407+167796 =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 – State Govt . | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State Govt . Cess/Levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | | |
|---|---|---|---|---|---|
| | Cess/Levies......<br>ലെഡ്ജർ 2019-20) | | | | |

4) "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-11-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,58,548/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45,34,081/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-3 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}

## 1-11-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-5 ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/03/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 18,455 |
| 280100102-Prior Period Income – Profession Tax – Institutions/Professionals/Traders | (3,100) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 19,619 |
| 280200401-Prior Period Income-Other Income | 12,170 |

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-6 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2020 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/2020 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |

| | | | | | | |
|---|---|---|---|---|---|---|
| 1 | 320100115 | CSS- Total Sanitation Campaign | 214356 | - | | |
| 2 | 320100121 | CSS-ICDS | 618248 | - | | |
| 3 | 320200305 | Grants Funds And Contribution For Specific Purpose -Other Than Development Fund And State Sponsore | 46848 | | | |
| 4. | 320200307 | Grants Funds And Contribution For Specific Purpose -Other Than Development Fund And State Sponsore | 17801 | - | | |
| 5 | 320200322 | Grants From Suchitwa Mission | 141899 | | | |
| 6 | 320200399 | Grants Funds And Contribution For Specific Purpose -Other Than Development Fund And State Sponsore | 564890 | | | |
| 7 | 320300103 | Grants Funds And Contribution For Specific Purposes -Other Government Agencies- Total Sanitation | 150000 | | | |
| 8 | 320300199 | Grants Funds And Contribution For Specific Purpose | 18326 | | | |
| 9 | 320800101 | Beneficiary Contribution | 10000 | | | |

## 1-11-7 പാർട്ട് ബിൽ നൽകിയ തുക Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

31/03/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(A) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ യാതൊരു തുകയും ചേർത്ത് കാണുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ പത്രിക നൽകിയതിൽ 7,78,409/- രൂപ പാർട്ട് ബിൽ ഇനത്തിലുള്ളതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-8 ബാലൻസ് ഷീറ്റിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുക മുഴുവനായും ചേർത്തിട്ടില്ല.

Capital Expenditure ആയ മുഴുവൻ തുകയും ബാലൻസ് ഷീറ്റിലെ Contribution Contribution തുകയോട് ചേർത്ത് കാണുന്നില്ല. Capital Contribution – 312100101 ലെഡ്ജർ പ്രകാരം പ്രോജക്ട് നമ്പർ 124, പൊതിയിൽ റോഡ് ടാറിങ്ങ് മാത്രമാണ് ബാലൻസ് ഷീറ്റിലേയ്ക്ക് ആസ്തിയായി ചേർത്തിട്ടുള്ളത്. Capital Contribution, Revenue Contribution എന്നിവ കണക്കാക്കുന്നതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-11-9 വർഷാവസാന ലോൺ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

Account Head 330500201 Secured Loans – Loans From KURFDC
രജിസ്റ്റർ പ്രകാരം വർഷാവസാന നീക്കിയിരിപ്പ് – 84,83,467/-
AFS പ്രകാരം (ബാലൻസ് ഷീറ്റ് ബി-5) നീക്കിയിരിപ്പ് – 88,06,997/-
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.3/20.06.2021 ന് നൽകിയ മറുപടിയിൽ, വികസന ഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവ് വരുത്തിയ തുകയ്ക്ക് ജി.ഒ.പ്രൊജക്ട് രേഖപ്പെടുത്താൻ വിട്ടു പോയിട്ടുള്ളതാണെന്നും പ്രസ്തുത തുകയ്ക്കുള്ള ജേണൽ എൻട്രി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ് എന്നും നീക്കിയിരിപ്പ് വ്യത്യാസം വന്നത് ഇത് മൂലമാണ് എന്നും അറിയിച്ചിട്ടുണ്ട്. വ്യത്യാസം ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11-10 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Contractors Retention, Bidders Earnest Money Deposit, Suppliers E.M.D എന്നീ ഇനങ്ങളിൽ 2014 മുതൽക്കുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. നിശ്ചിത സമയപരിധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-11-11 അഡ്വാൻസ് രജിസ്റ്ററിലെ മുൻവർഷ തുകകൾ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2008, 2012, 2013 വർഷങ്ങളിൽ നൽകിയ മുൻകൂറുകൾ നാളിതുവരെയായും ക്രമീകരിച്ച് കാണുന്നില്ല.
A) Advance To Beneficiary Committee – Account Head 460500101

| തീയതി | പേര് | തുക |
|---|---|---|
| 21.06.2008 | കരുണാകരൻ | 26,940 |
| | | |

| | | |
|---|---|---|
| 2012-13 | ബിന്ദു സുരേഷ് | 5,000 |
| 2012-13 | പ്രിയ സുരേഷ് | 5,000 |
| 2012-13 | രാജൻ | 5,000 |

B) Temperory Advance For Official Purpose - Account Head 460100103

21.04.2012 - അല്ലി ദേവദാസ് - പഞ്ചായത്ത് ദിനാഘോഷം - 1,000/-

C) Other Advances - Account Head 460509901

2012-13 - സെക്രട്ടറി - വർക്കിങ്ങ് ഗ്രൂപ്പ് - 3,550/-

മുൻകൂർ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. (എൻക്വയറി നം.1/20.06.2021). 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങളും ജീവനക്കാരുടെ എണ്ണവും ചേർത്തിട്ടില്ല. പഴയ മാതൃകയിലുള്ള അപേക്ഷകളാണ് കൂടുതലും ഉപയോഗിച്ചിട്ടുള്ളത്. ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/ തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതാത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) സഞ്ചയ പ്രകാരം 916 Non-Residential കെട്ടിടങ്ങളാണ് ഉള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 330 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. Non-Residential കെട്ടിടങ്ങളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കുകയും ഇവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവയുമായി താരതമ്യപ്പെടുത്തി ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

4) കാറളം സർവ്വീസ് സഹകരണ ബാങ്ക് നാളികേര സംസ്കരണ യൂണിറ്റ്, കല്ലട പാക്കേജിങ്ങ്സ് എന്നിവയുടെ അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ നികുതി അടവാക്കിയിട്ടില്ല.

1) ക്ഷീര സഹകരണ സംഘം, താണിശ്ശേരി - രണ്ടാം അർദ്ധവർഷം.

2) കിഴുത്താണി ചിറ്റ്സ് - രണ്ടാം അർദ്ധവർഷം

3) J.K.Cinemas - ഒന്നും രണ്ടും അർദ്ധവർഷങ്ങൾ

4) കരാറുകാരായ പയസ്.എം.വി, ജയരാജൻ.പി.എസ്, അശോകൻ.ഒ.പി, റോജോ ജോസ്, അനന്തരാമൻ.കെ.ആർ, ബിജു ടോം, സി.എ.ബെന്നി എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. 2018-19 ഓഡിറ്റ് റിപ്പോർട്ടിലും കരാറുകാരുടെ തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളതാണ്.

കരാറുകാരുടെയും മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

പ്രസിഡന്റ്, മുസ്ലീം ജമാത്ത്, താണിശ്ശേരി എന്നവർ, അപേക്ഷ നം.എ3/6672/2017 തി.27.12.2017, അപേക്ഷ പ്രകാരം 989.45 ച.മീ വിസ്തൃതിയിലുള്ള ഓഡിറ്റോറിയം ക്രമവത്ക്കരിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നു. ഓഡിറ്റോറിയം പണി പൂർത്തീകരിച്ചിരിക്കുന്ന സ്ഥലം(4492 ച.മീ) കൈവശാവകാശ സാക്ഷ്യപത്രം, ഡാറ്റാ ബാങ്ക് എന്നിവ പ്രകാരം നിലവുമാണ്. ആയതിനാൽ നാളിതുവരെയായി ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് നാളിതു വരെയായി ഈ കെട്ടിടത്തെ അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. 2017-18 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി 989.45x30=29683.50

വഴിയുടെ അടിസ്ഥാനത്തിൽ 20% വർദ്ധനവ്= 5936.70

ആകെ വസ്തുനികുതി=35,620/-

ലൈബ്രറി സെസ്സ്=1781/-

അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി

=3x(അടിസ്ഥാന വസ്തുനികുതി)

=3x35620=1,06,860/-

അനധികൃത കെട്ടിടത്തിന്റെ ഗ്രന്ഥ വരിസംഖ്യ=3x1781=5343/-

| | അർദ്ധവർഷം | വസ്തുനികുതി | ഗ്രന്ഥവരി |
|---|---|---|---|
| 1 | 2017-18 II | 53430/- | 2672/- |
| 2 | 2018-19 I, II | 1,06,860/- | 5343/- |
| 3 | 2019-20 I, II | 1,06,860/- | 5343/- |
| 4 | 2020-21 I, II | 1,06,860/- | 5343/- |
| 5 | 2021-22 I, II | 1,06,860/- | 5343/- |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 7/25.6.21 നൽകിയതിനുള്ള മറുപടിയായി ആർ.ഡി.ഒ യിൽ നിന്നും ഭൂമി തരം മാറ്റി കെ.പി.ബി.ആർ പ്രകാരം എല്ലാ രേഖകളുമായി കെട്ടിട നമ്പറിന് അപേക്ഷിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ആയതിനാൽ മുകളിൽ പ്രസ്താവിച്ച വസ്തുനികുതി പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കെട്ടിടത്തിന്റെ ഉപയോഗക്രമപ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നില്ല

പ്രസിഡന്റ്,വിശ്വകർമ്മ പ്രതിഷ്ഠാനം,ചെമ്മണ്ട,കാറളം എന്നവർ അപേക്ഷ നം.എ3-2916/30.4.19 പ്രകാരം 813 ച.മീ വിസ്തൃതിയിലുള്ള എ2 ഗണത്തിൽ ഉൾപ്പെട്ട കെട്ടിടം നമ്പർ ലഭിക്കുന്നതിനായി അപേക്ഷിച്ചിരുന്നു.പാർപ്പിടാവശ്യത്തിനുള്ള അടിസ്ഥാന വസ്തുനികുതിയായ 5രൂപ/ ച.മീ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ച് ഈ കെട്ടിടത്തിന് ചുമത്തിയിട്ടുള്ളത്.കെട്ടിടത്തിന് പെർമിറ്റ് നം.എ3-4826/17 തി.22.11.2017 പ്രകാരമാണ് നമ്പർ നൽകിയിട്ടുള്ളത്.ഈ കെട്ടിടത്തിന്റെ പെർമിറ്റിനുള്ള അപേക്ഷ പരിശോധിച്ചപ്പോൾ അപേക്ഷകൻ ലോഡ്ജിങ്ങ് ആവശ്യത്തിനായാണ് നിർമ്മാണാനുമതി ആവശ്യപ്പെട്ടിട്ടുള്ളത്.

ആയതിനാൽ ഈ കെട്ടിടത്തിന്റെ വസ്തുനികുതി ലോഡ്ജിങ്ങ് ആവശ്യത്തിനുള്ള അടിസ്ഥാന വസ്തു നികുതിയായ 30രൂപ/ച.മീ നിരക്കിലാണ് നിർണ്ണയിക്കേണ്ടിയിരുന്നത്.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 7/25.6.21 നൽകി,മറുപടിയായി ഈ കെട്ടിടം സംസ്കൃത പഠനത്തിന് വരുന്ന ആളുകൾക്ക് താമസിക്കുവാനുള്ള കെട്ടിടമാണെന്നാണ് അറിയിച്ചത്.സംസ്കൃത പഠനത്തിനുള്ള കെട്ടിടത്തിന് ഗണം ബി വിഭാഗത്തിൽ മാത്രമെ ഒക്യുപ്പൻസി നൽകാൻ സാധിക്കുകയുള്ളൂ.അങ്ങനെയാണെങ്കിൽ ഈ കെട്ടിടത്തിന്റെ കവറേജ് (45.45)അനുവദനീയമായതിലും(45) അധികമാവും.അതായത് ഈ കെട്ടിടം അനധികൃത കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്തേണ്ടി വരും.ആയതിനാൽ ഈ കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ നിഷ്ക്രിയാവസ്ഥയിൽ തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 80.73 ച.മീ വിസ്തൃതിയിലുള്ള വനിതാ വ്യവസായ കേന്ദ്രം ഉള്ളതായി കാണുന്നു.2019-20 സാമ്പത്തിക വർഷത്തിൽ ഈ കെട്ടിടത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് വരുമാനമൊന്നും കാണുന്നില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 9/25.6.21 നൽകി,മറുപടി തൃപ്തികരമല്ല.2019-20 സാമ്പത്തിക വർഷത്തിൽ പ്രസ്തുത കെട്ടിടത്തിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.അതുപോലെ പോസ്റ്റോഫീസിന് മുകളിലുള്ള മുറിയും ഒഴിഞ്ഞു കിടക്കുകയാണ്. ആയതിനാൽ ആസ്തികൾ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-17 പെർമിറ്റ് നൽകുമ്പോൾ ചട്ടപ്രകാരമുള്ള എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കുന്നില്ല

പെർമിറ്റ് നം.എ3-ബിഎ(79252)/19 തി.6.4.19, പെർമിറ്റ് നം.എ3-ബിഎ(199919)/19 തി.10.7.19 എന്നീ അനുമതികൾ പ്രകാരം യഥാക്രമം 364.49ച.മീ, 679.84 ച.മീ വിസ്തൃതിയുള്ള വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. 350 ച.മീറ്ററിന് മുകളിലുള്ള നിർമ്മിതികൾക്ക് പ്ലാൻ തയ്യാറാക്കിയ എഞ്ചിനീയർ 2016 നാഷണൽ ബിൽഡിംഗ് കോഡിലെ ഭാഗം 4 ലെ വ്യവസ്ഥകളും തുടർന്നുള്ള ഭേദഗതികളും പാലിച്ചുകൊണ്ടാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്ന സാക്ഷ്യപത്രവും, അപേക്ഷകൻ ഫാറം L ൽ നൽകുന്ന സെൽഫ് ഡിക്ലറേഷനും ഇതോടൊപ്പം ആവശ്യമാണ്. എന്നാൽ ഫയലിൽ ഈ രേഖകളൊന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/25.6.21 നുള്ള മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെർമിറ്റ് നൽകുമ്പോൾ ചട്ടപ്രകാരമുള്ള എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-18 സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. നിയമാനുസൃത സമയദീർഘീകരണം നേടാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.

പ്രവർത്തിയുടെ പേര്. ചെമ്മണ്ട ശ്മശാനം റോഡ് മെറ്റലിംഗ്

So 048/20

നി.ഉ.അസി.എഞ്ചിനീയർ

കരാറുകാരൻ. അനന്തരാമൻ. കെ.ആർ

എഗ്രിമെന്റ് നമ്പർ. 32/AE/LSGD/KLM/2019 തിയ്യതി.12/07/2019

എഗ്രീഡ് പി.എ.സി. 492696.22

ഫൈനൽ ബിൽ തിയ്യതി. 30/03/2021

ഈ പ്രവർത്തിയുടെ കാലയളവ് T1/2018-19/AE/LSGD/KLM/2019 തിയ്യതി 12/07/2019 പ്രകാരം 4 മാസമാണ്. നിയമാനസൃതം 12/11/2019 ൽ അവസാനിക്കേണ്ട പ്രവർത്തിയുടെ അവസാന ചെക്ക് മെഷർമെന്റ് 30/05/2020 ന് മാത്രമാണ് നടത്തിയിട്ടുള്ളത്. സമയം വൈകിയിട്ടും നിയമാനസൃത ടൈം എക്സ്റ്റൻഷൻ വാങ്ങിയിട്ടില്ല. . കരാർ ഖണ്ഡിക എട്ട് പ്രകാരം വ്യക്തമായ കാരണം കാണിക്കാതെ നടന്ന പ്രവർത്തി വൈകലിന് എഗ്രീഡ് പി.എ.സിയുടെ 1% തുക പിഴയായി ചുമത്തേണ്ടതായിരുന്നു. പിഴ ചുമത്താതെ ഫൈനൽ ബിൽ നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈടാക്കേണ്ടിയിരുന്ന തുക 4927 രൂപ.

## 1-19 തൊഴിലുറപ്പ് പദ്ധതി -ഹെൽത്ത് സെന്റർ റോഡ് കാന നിർമ്മാണം. മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ.195/20

എം.ബി നമ്പർ.06/18-19

പേജ് നമ്പർ.10

ഐറ്റം നമ്പർ.2

ഈ പ്രവർത്തിയുടെ ഭാഗമായി ആകെ 64.84 മീറ്റർ ക്യൂബ് മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.എന്നാൽ എം ബുക്കിൽ ആയതിന്റെ ഡിസ്പോസൽ കാണിച്ചിട്ടില്ല. മണ്ണ് അവിടെത്തന്നെ ഉപയോഗിച്ചതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വാക്കാൽ അറിയിക്കുകയുണ്ടായി. ഇത് നിയമപരമല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.മണ്ണ് കുഴിച്ചെടുക്കുന്ന പ്രവർത്തികളിൽ മണ്ണിന്റെ ഡിസ്പോസൽ വ്യക്തമായി എം ബുക്കിൽ രേഖപ്പെടുത്തുന്നതിനും കൂടുതലുള്ള പക്ഷം ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.

## 1-20 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം,അനുബന്ധരേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ താഴെ ചേർക്കും പ്രകാരം വിവിധ ഏജൻസികൾക്ക് വിവിധ പദ്ധതികളുടെ ഭാഗമായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിശദാംശം,കൈപ്പറ്റ് രസീത്,പദ്ധതിയുടെ പൂർത്തീകരണവിവരം എന്നിവ ഇനിയും ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ/തിയ്യതി/തുക | റിമാർക്സ് |
|---|---|---|---|
| 1. | 88/20. ക്യാൻ തൃശ്ശൂർ. ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറൽ | 22/28.10.2019 | 110000 |
| 2. | 15/20<br>സ്ട്രീറ്റ് ലൈൻ വലിക്കൽ<br>1000000 | 400767185<br>/1.11.2019 | 400000 |

## 1-21 സ്ട്രീറ്റ് ലൈറ്റ്- സ്ട്രീറ്റ് ടാപ്പ് സംയുക്ത പരിശോധന

1.തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 6,47,737/-രൂപ കെ.എസ്.ഇ.ബി, കാട്ടൂർ, കരുവന്നൂർ സെക്ഷനുകളിൽ ഒടുക്കിയിട്ടുണ്ട്. 12-03-2013ലെ സർക്കുലർ നം.65529/ഡി.സി.3/2012/ത.സ്വ.ഭ.വ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനമുള്ള ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ആയതിനുള്ള ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നൽകുന്നതും ആവശ്യമായ തുക കെ.എസ്.ഇ.ബിയിൽ ഒടുക്കേണ്ടതുമാണ്. ഇപ്രകാരം മീറ്ററിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം,നിലവിലെ അവസ്ഥ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. സർക്കുലർ നം.ഡി.എ.1/17/2019/തസ്വഭവ തീയതി 21-2-2019 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയതിന്റെ വിവരവും ലഭ്യമാക്കണം.

2.പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,31,250 രൂപ അടയ്ക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

## 1-22 വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം-സബ്സിഡി മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തി.

രണ്ടു പ്രൊജക്ടുകളിലായി(146/20(So) ,(31/20) യഥാക്രമം 6 പേർക്കും, 7 പേർക്കുമായി 13 സ്കൂട്ടറുകൾ കൈമാറിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ 14.02.2018 ഖണ്ഡിക 6.4.9 പ്രകാരമുള്ള മാനദണ്ഡങ്ങൾ /വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.വാഹനം ഉപയോഗിച്ച് സ്വയം തൊഴിൽ സംരംഭം നടത്താൻ തയ്യാറുള്ള വനിതയാണെന്ന് ഉറപ്പു നൽകുന്ന ,തൊഴിൽരഹിതരാണെന്നു തെളിയിക്കുന്ന, സ്കൂട്ടറിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്താൻ തയ്യാറുള്ളവരാണെന്നോ സ്ഥാപിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2.എല്ലാവരുടെയും ഡ്രൈവിംഗ് ലൈസൻസ് പകർപ്പ് ലഭ്യമായിട്ടുണ്ടെങ്കിലും വാങ്ങിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയതിന്റെ രേഖകൾ 3 പേർ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

3.വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സബ്സിഡിതുക നൽകേണ്ടത്.എന്നാൽ ബിന്ദു സത്യൻ, മുളക്കൽ വീട്, കിഴുത്താനി എന്നവർക്ക് സബ്സിഡി തുക -27891 രൂപ സ്വന്തം അക്കൗണ്ടിലേക്കാണ് അനുവദിച്ചിരിക്കുന്നത്.

4.ഗുണഭോക്താക്കളുമായി ചമച്ചിരിക്കുന്ന കരാർപത്രങ്ങൾ അപൂർണ്ണമാണ്.മുദ്രപത്രത്തിൽ വ്യവസ്ഥകൾ എഴുതിച്ചേർക്കാത്തവയും, ബന്ധപ്പെട്ട കക്ഷികളുടെ ഒപ്പില്ലാത്തവയും ഉണ്ടെന്നു കാണുന്നു.

സ്കൂട്ടറുകൾ കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊ.നം./ ക്രമ നം. | പേരുവിവരം | കൈമാറിയ തുക/റിമാർക്സ് |
|---|---|---|
| 146/20(So) 1. | രഞ്ചി.പി.വി | 30,000/അന്ന മോട്ടോഴ്സ്/ രജിസ് ട്രേഷൻ നടത്തിയിട്ടുണ്ട്. |
| 2. | അശ്വിനി.ടി.യു | 29825/ജോൺസ് ബൈവീലേഴ്സ്/രജിസ് ട്രേഷൻ നടത്തിയിട്ടുണ്ട്. |
| 3. | ഷാന്റി ഉണ്ണികൃഷ്ണൻ | 29979/ജോൺസ് ബൈവീലേഴ്സ്/രജിസ് ട്രേഷൻ നടത്തിയിട്ടുണ്ട്. |
| 4. | ഷീബ കുഞ്ഞിവീട്ടിൽ | 30000/അന്ന മോട്ടോഴ്സ്/രജിസ് ട്രേഷൻ ഇല്ല. |
| 5. | ശ്രീജ സുരേഷ് | 29825/ജോൺസ് ബൈവീലേഴ്സ്/,, |
| 6. | സിജി.കെ.സി | 30000/ജോൺസ് ബൈവീലേഴ്സ്/,, |
| 97/20(New) 7. | ബിന്ദു.പി.എസ് | 30000/അന്ന മോട്ടോഴ്സ്/,, |
| 8. | ഷാലിമോൾ വിപിൻ കുമാർ | 29825/ജോൺസ് ബൈവീലേഴ്സ്/,, |
| 9. | ബിന്ദു സത്യൻ | 27891/കല്യാൺ മൊബൈക്സ്/,, |
| 10. | ഗീതുമോൾ യു.എം | 30,000/അന്ന മോട്ടോഴ്സ്/,, |
| 11. | സിജി.ടി.വി | 29205/ജോൺസ് ബൈവീലേഴ്സ്/,, |
| 12. | പുഷ്പ പ്രദീപ് | 30000/ജോൺസ് ബൈവീലേഴ്സ്/,, |
| 13. | ബിന്ദു.പി.കെ | 30000/ജോൺസ് ബൈവീലേഴ്സ്/,, |
| | ആകെ തുക | 386550 |

മേൽവിവരിച്ച അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതുവരെ ചെലവുതുക 386550 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.14/28.6.2021)

## 1-23 HMC വാർഷിക കണക്കുകളുടെ പരിശോധന-രേഖകൾ ഹാജരാക്കിയില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യു.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള താഴെ ചേർക്കുന്നതു പ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2019-20 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.4, തീയതി 25.06.2021)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| അലോപ്പതി വിഭാഗം, എഫ്.എച്ച്.സി, കാറളം | 19.09.2007 | 2011-12 മുതൽ 2019-20 ഉൾപ്പെടെയുള്ളത് |
| ആയുർവ്വേദ വിഭാഗം, ജി.എ.വി.വി.ഡി, കാറളം | വിവരം ലഭ്യമാക്കിയിട്ടില്ല | 2019-20 ഉൾപ്പെടെയുള്ളത്. |

| | | |
|---|---|---|
| ഹോമിയോ വിഭാഗം, ജി.എച്ച്.ഡി, കാറളം | 12.07.2019 | ഇല്ല. |

മേൽപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. നിയമാനുസൃത സമയദീർഘീകരണം നേടാതിരുന്നിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.

പ്രവർത്തിയുടെ പേര്. ചെമ്മണ്ട ശ്മശാനം റോഡ് മെറ്റലിംഗ്

So 048/20

നി.ഉ.അസി.എഞ്ചിനീയർ

കരാറുകാരൻ. അനന്തരാമൻ. കെ.ആർ

എഗ്രിമെന്റ് നമ്പർ. 32/AE/LSGD/KLM/2019 തിയ്യതി.12/07/2019

എഗ്രീഡ് പി.എ.സി. 492696.22

ഫൈനൽ ബിൽ തിയ്യതി. 30/03/2021

ഈ പ്രവർത്തിയുടെ കാലയളവ് T1/2018-19/AE/LSGD/KLM/2019 തിയ്യതി 12/07/2019 പ്രകാരം 4 മാസമാണ്. നിയമാനുസൃതം 12/11/2019 ൽ അവസാനിക്കേണ്ട പ്രവർത്തിയുടെ അവസാന ചെക്ക് മെഷർമെന്റ് 30/05/2020 ന് മാത്രമാണ് നടത്തിയിട്ടുള്ളത്. സമയം വൈകിയിട്ടും നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ വാങ്ങിയിട്ടില്ല. . കരാർ ഖണ്ഡിക എട്ട് പ്രകാരം വ്യക്തമായ കാരണം കാണിക്കാതെ നടന്ന പ്രവർത്തി വൈകലിന് എഗ്രീഡ് പി.എ.സിയുടെ 1% തുക പിഴയായി ചുമത്തേണ്ടതായിരുന്നു. പിഴ ചുമത്താതെ ഫൈനൽ ബിൽ നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈടാക്കേണ്ടിയിരുന്ന തുക 4927 രൂപ.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | ഓപ്പണിങ്ങ് ബാലൻസ് | | 200000 |
| | | 200000 | ആശ്രയ | | 0 |
| | | 400000 | പ്രൊ.നം.135/20 എം.എം.കനാൽ വാട്ടർപാർക്ക് | 0 | 400000 |
| | | 100 | പ്രൊ.നം.10/20 പഞ്ചായത്ത് ഗ്രൗണ്ട് പ്രൊട്ടക്ഷൻ | 100 | 0 |
| | | 100000 | പ്രൊ.നം.17/20 പൊതുകിണർ സുജലം | 100000 | 0 |
| | | 700100 | ഓപ്പണിങ്ങ് ബാലൻസ് | | 600000 |
| | | 810000 | പ്രൊ.നം.107/20 ലൈഫ് മിഷൻ (ജനറൽ) | 219793 | 590207 |
| | | 200000 | പ്രൊ.നം.23/20 ആശ്രയ(എസ്.സി) | 0 | 200000 |
| | | 100000 | പ്രൊ.നം.150/20 ആശ്രയ(എസ്.സി) | 50000 | 50000 |
| | | 600000 | പ്രൊ.നം.93/20 ശുചിത്വകിണർ | 42200 | 557800 |

| | | | | | | |
|---|---|---|---|---|---|---|
| | | | 250000 | പ്രൊ.നം.28/20<br>അങ്കണവാടിഅനുപൂരക പോഷകാഹാരപരിപാടി | 250000 | 0 |
| | | | 300000 | പ്രൊ.നം.29/20<br>ഭിന്നശേഷിയുള്ളവർക്ക സ്കോളർഷിപ്പും ബത്തയും | 30000 | 0 |
| | | | 300000 | പ്രൊ.നം.32/20<br>നെൽകൃഷി കൂലിചെലവ് | 100000 | 200000 |
| | | | 100000 | പ്രൊ.നം.49/20<br>ഔഷധ ഉദ്യാനം | 0 | 100000 |
| | | | 200000 | പ്രൊ.നം.49/20<br>ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | | 500000 | പ്രൊ.നം.67/20<br>പോട്ടകുളം കട്ടവാക്കുഴി റോഡ് മെറ്റലിങ്ങും ടാറിങ്ങും | 490505 | 9495 |
| | ജില്ലാ പഞ്ചായത്ത് | | 4559 | അങ്കണവാടിഅനുപൂരക പോഷകാഹാരപരിപാടി | 4559 | 0 |
| | | | 3800 | വയോജനങ്ങൾക്ക് കട്ടിൽ | 3800 | 0 |
| | | | 500000 | പ്രൊ.നം.133/20<br>കുട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം | 384225 | 10585 |
| | | | 500000 | സമൃദ്ധി അരി | 500000 | 0 |
| | | | 500000 | പ്രൊ.നം.135/20<br>എം.എം കനാൽ വാട്ടർ പാർക്ക് | 307928 | 192072 |
| | | | 51030 | പ്രൊ.നം.143/20<br>ഭിന്നശേഷിക്കാർക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ | 51030 | 0 |
| | | | 1559389 | | 1251542 | 307847 |
| | | 2019-20 | 450000 | പ്രൊ.നം.47/20<br>പറ്റൂപ്പാടംറോഡ്റീടാറിങ്ങ്(വാർഡ്3) | 447946 | 2054 |
| | | | 500000 | പ്രൊ.നം.48/20<br>ചെമ്മണ്ട ശ്മശാനം റോഡ് മെറ്റലിങ്ങ് ടാറിങ്ങ്,റീടാറിങ്ങ്(വാർഡ്3,4) | 496732 | 3268 |
| | | | 350000 | പ്രൊ.നം.87/20<br>പട്ടന്റെകുന്ന് റോഡ് റീടാറിങ്ങ്(വാർഡ്14) | 339415 | 115775 |
| | | | 300000 | പ്രൊ.നം.147/20<br>ലൈഫ് മിഷൻ(ജനറൽ) | 0 | 300000 |
| | | | 200000 | പ്രൊ.നം.140/20<br>ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 0 | 200000 |
| | | | 200000 | പ്രൊ.നം.195/20<br>ഭിന്നശേഷിയുള്ളവർക്ക സ്കോളർഷിപ്പും ബത്തയും | 76900 | 123100 |
| | | | 500000 | പ്രൊ.നം.36/20<br>വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 496732 | 3268 |
| | | | 100000 | പ്രൊ.നം.15/20<br>സ്ട്രീറ്റ് ലൈൻ വലിക്കൽ | 88175 | 11825 |
| | | | 300000 | പ്രൊ.നം.38/20<br>പാലളക്കുന്നവർക്ക് പാലിന് | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | | 65260 | പ്രൊ.നം.24/20 അമൃതം ജീവാമൃതം(പാലിയേറ്റീവ് പരിചരണം) | 0 | 65260 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | ഡെപ്പോസിറ്റ് നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 21901226-84680, 21901227-3495 | 88175 | 88175 | 911825 (ക്യൂ ബിൽ) |
| 2 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള കണക്ഷൻ (ലൈൻ എക്സ്റ്റൻഷൻ) | U000000693867034-33000/-, U0000007550755073748-167000 | 200000 | 200000 | 0 |
| 3 | കെ.എസ്.ഇ.ബി | വെള്ളാനി സബ്സെന്ററിലേക്ക് ലൈൻ വലിക്കൽ | | | | 80000 (ക്യൂ ബിൽ) |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE - Loan From HUDCO | GO(MS) No 68/2018/LSGD Dt 18.05.2018 | 4,66,272 | 86,64,254 | 6,47,059 | 0 | 84,83,467 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 30,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 20,00,000 |
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | 50,00,000+2,21,795(പലിശ) |
| | 52,21,795 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-2017 | 2(1) | 1259 | എം.വി പീയൂസ് | 119030100738/20.06.19 |
| 2015-16 | 2(5) | 360 | കാറളം കുറീസ് പ്രൈ.ലി. | 119030102347/18.11.19 |
| 2015-16 | 2(5) | 360 | ഗ്രാന്റ് ഫിനാൻസ് | 119030102348/18.11.19 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | | 2016-17 | 2-3 | തൊഴിൽനികുതി രജിസ്റ്റർ | അപാകതകൾ പരിഹരിച്ചിട്ടുണ്ട് |
| | | | 2-5 | ജീവനക്കാരുടെ തൊഴിൽനികുതി | അപാകതകൾ പരിഹരിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53888477 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55247025 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4927/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 386550/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-18 | | 4927/- | അസി.എഞ്ചിനീയർ,കാറളം ഗ്രാ.പ |
| ആകെ | | 4927/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 386550/- | മനോജ് കുമാർ.പി,അസി.സെക്രട്ടറി |
| ആകെ | 386550/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിമി.വി.യു | അസി.എഞ്ചിനീയർ, കാറളം ഗ്രാമപഞ്ചായത്ത് | തൊഴുത്തുംപറമ്പിൽ വീട്, സെമിനാരി റോഡ്, ഇരിങ്ങാലക്കട(പി.ഒ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86 | എൽ.എഫ്.ടി.പി.7-232/13 തീയ്യതി15.3.2014/ 16.6.2014ലെ |
| 1992-93, 1993-94 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |

| | |
|---|---|
| 1994-95, 1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-274/16 തിയ്യതി. 18.4.2016/ 10.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1996-97 | |
| 1997-98 | |
| 1998-99 (വരവ്) | |
| 1998-99 (ചെലവ്) | |
| 1999-00 | |
| 2000-01 | എൽ.എഫ്.ടി.16-875/02/21.10.02 |
| 2001-02 പദ്ധതി വരവ്-ചെലവ് | എൽ.എഫ്.ടി.16-1340/03/20.02.04 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-827/05/09.03.06 |
| 2002-03 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1821/07/22.09.08 |
| 2003-04 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1822/07/22.09.08 |
| 2004-05 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1823/07/22.09.08 |
| 2005-06 | എൽ.എഫ്.ടി.16-582/10/24.01.11 |
| 2006-07 | എൽ.എഫ്.ടി.16-583/10/24.01.11 |
| 2007-08 | എൽ.എഫ്.ടി.പി.11-1199/11/06.02.11 |
| 2008-09 | എൽ.എഫ്.ടി.പി.11-1200/11/05.02.11/18.09.12 |
| 2009-10,2010-11 | എൽ.എഫ്.ടി.പി.(3)2295/12/18.03.13/01.07.13 |
| 2011-12 | എൽ.എഫ്.ടി.പി.(3)232/13/17.04.13/01.08.13 |
| 2012-13 | എൽ.എഫ്.ടി.പി.(7)1700/14/09.02.15/08.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)183/16/ 19.2.2016/10.3.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1151/16 തിയ്യതി 20.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)148/17 തിയ്യതി 21.07.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1718/17 തിയ്യതി30.11.17/ 01.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)136/2019 തിയതി: 17.05.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)136/2019 തിയതി: 17.05.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്